## മത്സ്യ വ്യാപാരിയെ കൊലപ്പെടുത്തിയ കേസിൽ ഒരു പ്രതി കൂടി റിമാന്റിൽ

കൊല്ലം : ഇരവിപുരത്ത് മത്സ്യ വ്യാപാരിയെ കൊലപ്പെടുത്തിയ കേസിൽ ഒരാൾ കൂടി റിമാന്റിലായി. ഇരവിപുരം താന്നി ഫിഷർമെൻ കോളനിയിൽ ജാർനെറ്റ് മകൻ അനിൽ (38) ആണ് റിമാന്റിലായത്. ഇരവിപുരം തെക്കുംഭാഗം ആദിച്ച മൺതോപ്പ് ഫിഷർമെൻ കോളനിയിൽ രാജൂ ഭവനിൽ രാജൂവിനെ ആക്രമിച്ച് കൊലപ്പെടുത്തിയ കേസിലാണ് റിമാന്റിലായത്. രാജുവിന്റെ ബന്ധുവായ യുവാവിന് മത്സ്യവ്യാപാരത്തിന് ഉപയോഗിക്കുന്ന പെട്ടി നൽകിയത് തിരിച്ച് കൊടുത്തത് മാറി പോയതുമായി ബന്ധപ്പെട്ട് പ്രതികളുമായി തർക്കം ഉണ്ടാവുകയും അവർ രാജുവിനെ സ്കൂട്ടറിൽ നിന്നും തള്ളിയിടുകയും ചെയ്തു. സ്കൂട്ടറിന് പറ്റിയ കേടുപാട് ശരിയാക്കി നൽകാൻ ഇവരോട് രാജൂ ആവശ്യപ്പെട്ടിരുന്നു. ഈ വിരോധത്തിലാണ് പ്രതികൾ സംഘം ചേർന്ന് വീട്ടിലെത്തി രാജുവിന്റെ ഭാര്യയേയും മക്കളേയും രാജുവിനേയും ആക്രമിച്ചത്. പരിക്കേറ്റ രാജുവിനെ കൊല്ലം ജില്ലാആശുപത്രിയിലും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലും കൊണ്ടു പോയി എങ്കിലും രാജൂ മരണപ്പെടുകയായിരുന്നു. സംഭവത്തിൽ ഉൾപ്പെട്ട സുനിൽ വിപിൻ, ജെയ്സൺ, റെനിൽ, റോൺസിലി എന്നിവർ മുൻപ് പോലീസ് പിടിയിലായിരുന്നു. ഇയാളെ പിടികൂടുന്നതിന് പോലീസ് ശക്തമായ നടപടികൾ സ്വീകരിച്ച് വരവേ ഇയാൾ കൊല്ലം ജുഡിഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ കീഴടങ്ങുകയായിരുന്നു. തുടർന്ന് കേസിന്റെ അന്വേഷണോദ്യോഗസ്ഥനായ ഇരവിപുരം ഇൻസ്പെക്ടർ അനിൽകുമാർ.വിവി കോടതിയിൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇയാളെറിമാന്റ് ചെയ്യുകയായിരുന്നു.


അനിൽ - ഇരവിപുരം

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഢിപ്പിച്ച അതിഥി തൊഴിലാളി അറസ്റ്റിൽ

കൊല്ലം : പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഢിപ്പിച്ച അന്യസംസ്ഥാന തൊഴിലാളിയായ യുവാവ് പോലീസ് പിടിയിലായി. വെസ്റ്റ് ബംഗാൾ ജൽപാൽഗുരി ബിർപാറാ ബിർബിത്ത് എന്ന സ്ഥലത്ത് ഇന്ദ്രബഹാദൂർ പ്രധാൻ പ്രധം പ്രദാൻ (19) ആണ് പോലീസ് പിടിയിലായത്. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുമായി ഇയാൾ 2017 മുതൽ വെസ്റ്റ് ബംഗാളിൽ ഒരുമിച്ച് താമസിച്ച് വരുകയായിരുന്നു. കഴിഞ്ഞ ജൂലൈ മാസം പ്രതി കേരളത്തിലേക്ക് എത്തി കൊല്ലം നഗരത്തിൽ താമസിച്ച് വരുകയായിരുന്നു. തുടർന്ന് പെൺകുട്ടിയേയും കൂട്ടികൊണ്ട് വന്ന് നഗരത്തിൽ ഒരുമിച്ച് താമസിച്ചു. ഗർഭിണിയായ പെൺകുട്ടിയെ തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പെൺകുട്ടി പ്രായപൂർത്തിയായിട്ടില്ലായെന്ന് എസ്.എ.റ്റി ആശുപത്രിയിൽ നിന്നും അറിയിച്ചതനുസരിച്ച് കൊല്ലം വനിതാ പോലീസ് കേസ്


പ്രധം പ്രദാൻ

രജിസ്റ്റർ ചെയ്യുകയായിരുന്നു. തുടർന്ന് പെൺകുട്ടിയുടെ മാതാവിനെ ബംഗാളിൽ നിന്നും എത്തിച്ച് പെൺകുട്ടിയുടെ സംരക്ഷണം ഏൽപ്പിച്ചതിന് ശേഷം പ്രതിയെ അറസ്റ്റ് ചെയ്യുകയായിരുന്നു. കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നാരായണൻ.റ്റി ഐ.പി.എസ് ഇടപെട്ടാണ് മാതാവിനെ പശ്ചിമ ബംഗാളിൽ നിന്നും തിരുവനന്തപുരത്ത് ആശുപത്രിയിൽ എത്തിച്ചത്. കൊല്ലം അസിസ്റ്റൻ കമ്മീഷണർ ജി.ഡി വിജയകുമാറിന്റെ നേതൃത്വത്തിൽ കൊല്ലം ഈസ്റ്റ് ഇൻസ്പെക്ടർ ആർ. രതീഷ്, വനിത പോലീസ് സ്റ്റേഷൻ എസ്സ്.ഐ പുഷ്പലത, എസ്സ്.സി.പി.ഓമാരായ രമ, അനിത, മിനി എന്നവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.

## ജാതിപ്പേര് വിളിച്ചത് ചോദ്യം ചെയ്തയാളെ വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ചയാൾ പോലീസ് പിടിയിലായി

കൊല്ലം : അയൽവാസിയെ വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ച മധ്യവയസ്ക്കൻ പോലീസ് പിടിയിലായി. കരുനാഗപ്പള്ളി നമ്പരുവികാല വെളിയിൽ മുക്കിന് കിഴക്ക് വശം കിഴക്കടത്ത് കിഴക്കതിൽ വീട്ടിൽ ലക്ഷ്മണ പണിക്കർ മകൻ സുദേവൻ (55) ആണ് പോലീസ് പിടിയിലായത്. നമ്പരുവികാല വിനീത ഭവനം വീട്ടിൽ വിശ്വംഭരനെ ആണ് ഇയാൾ വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ചത്. പട്ടികജാതി വിഭഗത്തിൽപ്പെട്ട വിശ്വംഭരന്റെ വീടിന് മുന്നിലെത്തി പ്രതി നിരന്തരം ജാതിപറഞ്ഞ് അസഭ്യം വിളിക്കുകയും ഉടുമുണ്ട് ഉരിഞ്ഞ് നഗ്നത പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു. ഇത് വിശ്വംഭരൻ ചോദ്യം ചെയ്യുകയും ആവർത്തിക്കരുതെന്ന് ഇയാളെ താക്കീത് ചെയ്യുകയും ചെയ്തിരുന്നു. ഇതിന്റെ വിരോധത്തിലാണ് ഇയാൾ വെട്ടുകത്തിയുമായി വിശ്വംഭരന്റെ വീട്ടുമുറ്റത്തെത്തി അസഭ്യം വിളിച്ചു കൊണ്ട് ഉടുമുണ്ട് ഉരിഞ്ഞെറിയുകയും പുറത്തിറങ്ങിയ വിശ്വംഭരനെ ജാതിപ്പേര് വിളിച്ചു കൊണ്ട് വെട്ടി ഇടത് നെഞ്ചിൽ ആഴത്തിൽ മുറിവേൽപ്പിക്കുകയായിരുന്നു. വെട്ടുകത്തിക്ക് വെട്ടേറ്റ് ആശുപത്രിയിലായ വിശ്വംഭരൻ അപകട നില



സുദേവൻ - കരുനാഗപ്പള്ളി

തരണം ചെയ്തു. കരുനാഗപ്പള്ളി അസിസ്റ്റന്റ് കമ്മീഷണർ ഷൈനു തോമസിന്റെ നേതൃത്വത്തിൽ കരുനാഗപ്പള്ളി ഇൻസ്പെക്ടർ ഗോപകുമാർ. ജി, എസ്സ്.ഐമാരായ ജയശങ്കർ, അലോഷ്യസ് അലക്സാണ്ടർ, ധന്യാ രാജേന്ദ്രൻ, എ.എസ്സ്.ഐമാരായ സജികുമാർ പ്രമോദ് എന്നിവർ ചേർന്നാണ് പ്രതിയെ കരുനാഗപ്പള്ളി ഹൈസ്ക്കൂൾ ജംഗ്ഷന് സമീപം നിന്നും പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്യ്തു.

## തലച്ചിറ സ്വദേശി ക്വാറന്റെൻ ലംഘനത്തിന് സാമ്പ്രാണിക്കോടിയിൽ പിടിയിലായി

### ക്വാറന്റെൻ ലംഘനത്തിന് ഇരുപത്തിരയാറ് പേർക്കെതിരെ നടപടി സ്വീകരിച്ച് കൊല്ലം സിറ്റി പോലീസ്